# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3608 30/01/2014-ൽ മറുപടിയ്ക്ക്**

**കല്യാശ്ശേരി മണ്ഡലത്തിൽ 2013-14 വർഷത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ**

| ചോദ്യം<br>ശ്രീ. റ്റി. വി. രാജേഷ്: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന് കീഴിൽ ഏതൊക്കെ തീരദേശറോഡുകൾ പുനരുദ്ധരിക്കുന്നതിനാണ് 2013-14 വർഷത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത്; | (എ) 1) ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ കുന്നനങ്ങാട് റെയിലിൻ ചാൽ റോഡ്<br>2) ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ വെള്ളറങ്ങൽ കൊട്ടോളത്ത് റോഡ്<br>3) നബാർഡ് ഫണ്ടിന്റെ സഹായത്തോടെയുള്ള ചെറുതാഴം ഗ്രാമപഞ്ചായത്തിലെ വയലപ്രപരപ്പ് ചെമ്പല്ലിക്കുന്ന് റോഡ്<br>എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് 2013-14 വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങും; വിശദാംശം നൽകുമോ? | (ബി) 1) ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ കുന്നനങ്ങാട് റെയിലിൻ ചാൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് ദർഘാസുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രവൃത്തി താമസിയാതെ ആരംഭിക്കുന്നതാണ്.<br>2) ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ വെള്ളറങ്ങൽ കൊട്ടോളത്ത് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് ദർഘാസ് നടപടികൾ പൂർത്തിയായിട്ടുണ്ട്. ദർഘാസുകാരന് വർക്ക് ഓർഡർ നൽകുകയും ടിയാൻ കരാറിൽ ഏർപ്പെടുകയും ചെയ്യുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.<br>3) ചെറുതാഴം ഗ്രാമപഞ്ചായത്തിലെ വയലപ്രപരപ്പ് ചെമ്പല്ലിക്കുന്ന് റോഡിന്റെ നിർമ്മാണപ്രവൃത്തിയ്ക്ക് മുൻയോഗ്യതാ നിർണ്ണയ ദർഘാസ് നടപടികൾ പൂർത്തിയായിവരുന്നു. |

സെക്ഷൻ ആഫീസർ